

N.S.S.High Schools , Perunna (Boys)







# വിദ്യാശലഭം

## അറിവിന്റെയും വിജ്ഞാനത്തിന്റെ പുതുഗ്രൻഥം  വിദ്യാശലഭം

BY

N.S.S B.H.S Perunna



# ഉള്ളടക്കം

*******************************************


| | |
|---|---|
| 1.എന്റെ ഗുരു | 3 |
| 2.ഉയിർപ്പ് | 4-6 |
| 3.ഞാൻ അറിയാത്തൊരു സ്നേഹം | 7 |
| 4.എന്നെ ഒറ്റപ്പെടുത്തിയ മരണം | 8 |
| 5.maths activities | 9 |
| 6.maze | 10 |
| 7.student painting | 11 |
| 8.let's painting | 12 |

# “എന്റെ ഗുരു”

ആദ്യം എന്റെ ഗുരുവായതും അമ്മ
ഗുരു ആരെന്ന് പഠിപ്പിച്ചതും അമ്മ
ആദ്യക്ഷരം പകർന്നതെന്നമ്മ
ക്ഷമ എന്തെന്ന്അറിയിച്ചതും അമ്മ........

---- ദേവു &പൊന്നു



# ഉയിർപ്പ്

****************

'ഒരു സ്ത്രീയായ് ജനിച്ചതിന്റെ പേരിൽ ജീവിതത്തിൽ ആദ്യമായ് ഞാൻ വേദനിക്കുന്നു.'

ജനനം മുതൽ മരണം വരെ പല വേദനകളും പേറി ആരോടും പറയാതെ ജീവിക്കുന്നു . അതിനെ ഒരു ജീവിതം എന്ന് പറയാൻ സാധിക്കുമോ എന്നറിയില്ല . ഈ കഥ ആമിയുടെ ജീവിതത്തിലേക്ക് ഒരു എത്തിനോട്ടം മാത്രം . നല്ലോരച്ഛന്റെയും അമ്മയുടേയും മകളായി അവൾ കൗമാരത്തിന്റെ പടികൾ ഒന്നൊന്നായ്  ചവിട്ടികേറി. അതെ ഒരു പുതിയ ജീവിതം തുടങ്ങുകയാണ് . ആഗ്രഹങ്ങളും പ്രതീക്ഷകളും മനസ്സിൽ കുത്തിനിറച്ചുക്കൊണ്ട് ഹൈസ്കൂൾ വാതിലിനുള്ളിലേക്ക് ആമി കയറി .കൂട്ടുകാർ പുതുമുഖങ്ങളൊന്നുമല്ല . സംസാരിച്ച് പരിചയമില്ലെന്ന് മാത്രം . അവളുടെ താങ്ങും തണലുമായി നിന്നിരുന്ന സുഹൃത്തുക്കളെ നഷ്ട പ്പെട്ട വേദനയിലായിരുന്നു ആമി. അതിനാൽ തന്നെ അവൾ ആരോടും മിണ്ടാൻ തയ്യാറായില്ല . ഒരു വർഷം കൂടെ പഠിച്ച പരിചയം കൊണ്ടെങ്കിലും അവർ അവളോട് സംസാരിക്കുമെന്ന് ആമി പ്രതീക്ഷിച്ചു .  അവൾ അവളെ തന്നെ

ആമി പ്രതീക്ഷിച്ച . അവൾ അവളെ തന്നെ സമാധാനിപ്പിക്കാനായി പറഞ്ഞു ' അവർ വരും, വന്നിരിക്കും' .ആ പ്രതീക്ഷയ്ക്ക് ഒന്നരണ്ട് ദിവസത്തെ ആയുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ 'അവർ വരില്ല ഞാൻ എന്തൊ വലിയ ദുഃഖത്തിലായപോലെ ' അവളുടെ ഹൃദയം ഉരുവിട്ടുകൊണ്ടിരുന്നു. ' ഒറ്റപ്പെടൽ അനുഭവിച്ചിട്ടില്ലാത്തതു കൊണ്ട് അതിന്റെ തീവ്രത അവളെ തളർത്തി 'എന്ന് സ്വയം അവൾ മനസ്സിൽ പറഞ്ഞു .'ഇനി ഞാൻ ഇങ്ങനെയിരുന്നിട്ട് കാര്യമില്ല ആരോടെങ്കിലും മിണ്ടണം. ഞാൻ അവർക്ക് മുഖം കൊടുക്കാത്തത് കൊണ്ടാണോ എന്നൊട് മിണ്ടാത്തത് ' എന്ന് അവൾ വിശ്വസിച്ചു.

സകല ധൈര്യവും കൈവരിച്ച് അവൾ കൃഷ്ണയോട് സംസാരിച്ചു .അവളുടെ ഊഹങ്ങൾ തെറ്റിയില്ല . അവളുടെ മരുഭൂമിയാകുന്ന മനസ്സിൽ മഴ പെയ്ത പോലെ ഒരു സുഖം . കൃഷ്ണ ചോദിച്ചു 'നീ എന്താ മിണ്ടാത്തത് . ഞാൻ വിചാരിച്ചു നിന്റെ സംസാരശേഷി പോയെന്ന്.' ' എനിക്ക് മിണ്ടണമെന്നുണ്ടായിരുന്നു ഒരു പേടി.' പരിഹാസം എന്ന രീതിയിൽ ഗൗരി പറഞ്ഞു 'അവൾക്ക് അനഘയോട് മിണ്ടാൻ നൂറ് നാക്കാണ് 'ആ പരിഹാസത്തെ സ്വീകരിച്ചു എന്ന വിധത്തിൽ അവൾ

പരിഹാസത്തെ സ്വീകരിച്ചു എന്ന വിധത്തിൽ അവൾ ചിരിച്ചു , അത്രമാത്രം. അല്പ്പം ആശ്വാസം ആയിയെങ്കിലും അനഘയോട് സംസാരിച്ചപോലെ അവരോട് സംസാരിക്കാൻ സാധിച്ചില്ല. ദിവസങ്ങൾവളരെ ബുദ്ധിമുട്ടിയാണ് തള്ളി നീക്കിയത് . അങ്ങനെ ഇരിക്കേ ആ മോഷപ്പെട്ട ദിവസം വന്നെത്തി . അന്ന് അവൾ ആ ക്ലാസ്സ് മുറിയിൽ ഒറ്റയ്ക്ക് ആയിരുന്നു . കടുത്ത പനി കാരണം അവളെ മറ്റൊരുക്ലാസ്സിൽ ഇരുത്തിയിരിക്കുകയായിരുന്നു . ആ ക്ലാസ്സിന് മുമ്പിൽ നിന്ന പയ്യന്മാർ അവളെ പറ്റി മോശമായി സംസാരിക്കാൻ തുടങ്ങി . അത് അവളെ വല്ലാതെ തളർത്തി , കൂട്ടുകാർ ആരെങ്കിലും ഉടനെ എത്തിയിരുന്നെങ്കിൽ എന്ന് അവൾ ആഗ്രഹിച്ചു.എവിടെനിന്നൊ അവളുടെ മനസ്സിൽ ഒരു ധൈര്യം വന്നു . അവൾ ചിന്തിച്ചു. തൊട്ടാവാടിയാകണ്ടത്തല്ല പെണ്ണ് തൊട്ടാൽ ,ഉടനെ വാടരുത് . അതിന്റെ മുള്ള് കൊണ്ട് അതിനെ ചെറുത്ത് നിൽക്കണം. എല്ലാ സ്ത്രീകളും അവരുടെ കരുത്ത് കാണിക്കണം ധൈര്യ പൂർവം മുന്നേറണം . സമൂഹം മുഴുവൻ അവരുടെ കൂടെയുണ്ട് എന്ന് പറഞ്ഞ് അവൾ തന്റെ ജീവിതത്തെ മാതൃകയാക്കി.

# ഞാൻ അറിയാതൊരു സ്നേഹം

********************


ഒരു സ്നേഹം എന്നുമെൻ മനസ്സിനെ
ഞാൻ അറിയാതെന്നെ തഴുകി
അമ്മതൻ സ്നേഹവും അച്ഛൻതൻ കരുതലും
പോലെന്നെ എന്നും ഉണർത്തിടുന്നു
രാവിലെ എൻ കാതിൽ വന്നു പതിക്കും
അമ്മക്കിളിതൻ കിളിക്കൊഞ്ചലും
രാത്രിയിൽ താരങ്ങൾ കണ്ണുചിമ്മുമ്പോൾ
ആയിരം കണ്ണോടെ ഞാനിരിപ്പൂ...
മലകൾ തൻ കണ്ണിൽ നിന്നു ഒഴുകുന്ന
പുഴയിലായി കളകളം നീന്തുന്ന കുഞ്ഞു മീനായി .
മഴയിലൂടെ ഇന്നൊന്നു ഓടി കളിക്കവേ -
ഒരുപാടുകാലം കഴിഞ്ഞപ്പോലെ
എന്നും ഒരു പാട് കാലം കഴിഞ്ഞ പോലെ.........

# എന്നെ ഒറ്റപ്പെടുത്തിയ മരണം

*****************************************************

കുട്ടിയാം എന്നെ നെഞ്ചോട്
ഉറക്കിയ എൻ മുത്തശ്ശി എവിടെ ?
കഥകൾ പറയുന്ന , കരയാത്ത മുത്തശ്ശി
അടഞ്ഞ കണ്ണുകളോടെ ചിരിച്ചിരുന്നു
ഞാൻ കരഞ്ഞാൽ കൂടെ കരയുന്ന
മുത്തശ്ശി കണ്ണുകൾ നനയുന്നില്ല
എന്നെ തനിച്ചാക്കി മരവിച്ച മനസ്സോടെ
ഒറ്റയ്ക്ക് കിടക്കുകയാണോ.......
കണ്ണീർ പ്രളയം  അരയറ്റംമായിട്ടും
ചാല്  വെട്ടാത്തതെന്തുകൊണ്ട്?
എത്ര ചോദിച്ചിട്ടും മിണ്ടുന്നില്ല
നനവാർന്ന മിഴികളോടുറക്കമാണോ?
തീയിൽ എരിയുമ്പോൾ തീ കനലോടെ
മനസ്സിൽ  എരിയുന്ന   ഓർമ്മകളായ്
ഒരു പിടി ചാരം കടലിലൊഴുക്കുമ്പോൾ
മനസ്സിന്റെ തീരത്തടിഞ്ഞു നിന്നു
എന്നും മനസ്സിന്റെ തീരത്തടിഞ്ഞു നിന്നു

# കണക്ക് കൊണ്ടൊരു കളി







Thank you